**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1935** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഡയറി ഫാമുകളിൽ പശുക്കളെ വളർത്തുന്നതിനുള്ള ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഡയറി ഫാമുകളിൽ എത്ര പശുക്കളെ വരെ ലൈസൻസ് ഇല്ലാതെ വളർത്താൻ കഴിയും; ഇതുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 5 മൃഗങ്ങൾക്ക് മുകളിലുള്ള ഫാമിന് ലൈസൻസ് ആവശ്യമാണ്. ഇതു സംബന്ധിച്ച് പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഭാഗങ്ങളുടെ പകർപ്പ് അനുബന്ധം 1 എ ആയും, പൊല്യൂഷൻ കൺട്രോൾ ബോർഡ് നൽകിയിട്ടുള്ള കത്തിന്റെ പകർപ്പ് അനുബന്ധം 1 ബി ആയും, ഒക്ടോബർ 1, 2020 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നം.2258 പ്രകാരം കേരള മുൻസിപ്പാലിറ്റി ആക്ട് 1994 ൽ 20 പശു ആയി ആയി ഉയർത്തിയതിന്റെ പകർപ്പ് അനുബന്ധം 1 സി ആയും ചേർത്തിരിക്കുന്നു. |
| (ബി) | ഡയറി ഫാമുകൾക്ക് ലൈസൻസ് അനുവദിച്ച് കിട്ടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; സമർപ്പിക്കേണ്ട രേഖകൾ, അപേക്ഷ നൽകേണ്ട വിധം എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ? | (ബി) | ഡയറി ഫാമുകൾക്ക് ലൈസൻസ് അനുവദിച്ച് കിട്ടുന്നതിനായി നിർദ്ദിഷ്ട ഫോറത്തിൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഭാഗങ്ങളുടെ പകർപ്പ് അനുബന്ധം 1 എ ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
E-mail: ms.kspcb@gov.in FAX: 0471 – 2318134, 2318152 web: www.keralapcb.nic.in

# KERALA STATE POLLUTION CONTROL BOARD
# കേരളസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

PCB/HO/ SEE-3/TECH/98/2019 Dated: 15/12//2020

From

The Member Secretary

To

1. The Chief Environmental Engineer,
   Regional Office, Trivandrum/Ernakulam/Kozhikode.
2. The Senior Environmental Engineer,
   Environmental Surveillance Centre, Eloor.
3. The Environmental Engineer, District Office,
   Thiruvananthapuram, Kollam, Pathanamthitta, Alapuzha, Idukki, Kottayam, Ernakulam-1, Ernakulam-2, Thrissur, Palakkad, Malappuram, Kozhikode, Kannur, Wayanad, Kasargod.

Sub:- Standard Operating Procedure for cattele farm - reg.

Sir,

Kind attention is invited. The Standard Operation Procedure for cattle farm is enclosed for information and kind necessary action.

Yours faithfully

MEMBER SECRETARY

Encl: as above

## Standard Operating Procedure for Cattle Farms

Cattle in this context refer to cow, oxen (or bullock) & buffalo. This SOP is applicable for Gaushalas also.

1. Cattle farms (including open cattle farms) are categorized as Green.
2. If the number of adult animals is less than 5, such units may be exempted from consent purview. But such units shall have control measures like bio-gas plant, septic tank & soak pit system & shaded dung pit with provisions to prevent entry of storm water.
3. The minimum distance to the nearest residence is fixed as follows:

| Animal number | Distance (in metres) to nearest residence |
|---|---|
| 6-20 | 10 |
| 21 to 200 | 25 |
| >200 | 50 |

4. Adult animal means animal with age 6 months & above.
5. One adult animal with its calf (less than 6 months old) shall be counted as one adult animal.
6. The number of animals permitted in a farm is proportional to the land area of the farm. As per the Kerala Panchayat Raj Livestock Farm Licensing Act, 2012, one adult animal is permitted in one cent land. Accordingly, only 100 animals are permitted in one acre land. The Board officials can use this guideline for fixing the number of animals permitted and accordingly make entry in the consent. This is applicable for both open & shed farming.
7. Approximately, 80l/day of waste water is generated per animal. Waste water is generated during bathing of animals, cleaning of shed, cooking, washing of feeding pots etc.
8. Bio-gas plant, septic tank & soak pit system are the usual waste water treatment measures in cattle farms. Effluent Treatment Plant need be insisted for farms with 125 or more number of animals. 125 animals generate approximately 10,000 l/day of waste water.
9. The sizing of the bio-gas plant may be based on the thump rule 0.5 cubic metre per adult animal.
10. On an average 25kg dung is produced per adult animal per day.
11. Dung (Manure) Pit shall be constructed with roof and must be above floor level with concrete flooring and drainage facilities. Manure should be removed at least once in three months. Compost Pit (Dry Pit) for manure/fodder or feed waste shall be provided with roof.
12. Multiple bio-gas is preferable than single one in cattle farms housing large number of animals. Bio-gas generated shall be utilized or else facility for flaring shall be provided.
13. The discharges from cattle farms have high BOD (700-1000 mg/l) & coliform count. Usually BOD/COD is close to one. Hence ETP with MBBR is ideal. The overflow/slurry from bio-gas plants may be connected to the ETP. The treated effluent can be used for irrigation or discharged as per rules.
14. For open farming, the following norms may be used:
    a. The farm may be fenced leaving a buffer zone of 5m around the farm.
    b. The usual control measures like bio-gas plant shall be provided for the shed in which the cattle stay during night.
15. The ratio of fecal coliform(FC) to fecal streptococci (FS) is very important and helps in identifying the source of pollution as to whether it is from animal or human source(septic tank). During enquiry of complaints on suspected contamination of water bodies this ratio is extremely useful. FC/FS ratio is approximately 0.2 for cows & buffaloes, 0.4 for chicken and 4.4 for humans. Hence if the FC/FS ratio is less than one, the water body can be concluded to be contaminated from animal discharges and if greater than 4, then it is from human sources.

15.12.2020

CHAIRMAN

# 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ

(19-04-2012-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 815-ൽ 13-04-2012-ലെ സ.ഉ. (അ) നമ്പർ 101/2012/തസ്വഭവ വിജ്ഞാപനപ്രകാരം എസ്.ആർ.ഒ. നമ്പർ 275/2012 ആയി പ്രസിദ്ധീകരിക്കപ്പെട്ടു.) (The relevant English translation is not yet received.)

**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ആർ.ഡി. വകുപ്പ്)**

**വിജ്ഞാപനം**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 232-ാം വകുപ്പ്, 254-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.- (1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം;

(എ) 'ആക്റ്റ്' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994- ലെ 13) എന്നർത്ഥമാകുന്നു;

(ബി) 'ജൈവവാതക പ്ലാന്റ്' എന്നാൽ അഴുകുന്ന ജൈവവസ്തുക്കളെ അനറോബിക് ഫെർമെന്റേഷന് വിധേയമാക്കി, ജൈവവാതകം (മീതൈൻ), പൂർണ്ണമായി പാകമായ ജൈവവളം എന്നിവയായി രൂപാന്തരപ്പെടുത്തുന്നതിനുള്ള സംവിധാനം എന്നർത്ഥമാകുന്നു;

(സി) 'കന്നുകാലി' എന്നാൽ കാള, പശു, പോത്ത്, എരുമ മുതലായ നാൽക്കാലികൾ എന്നർത്ഥമാകുന്നതും അതിൽ അവയുടെ കന്നുകുട്ടികൾ ഉൾപ്പെടുന്നതുമാകുന്നു;

(ഡി) 'കന്നുകാലി ഫാം' എന്നാൽ വംശവർദ്ധനയ്ക്കോ, പാലുൽപ്പാദനത്തിനോ, മാംസാവശ്യത്തിനോ കന്നുകാലികളെ വളർത്തുന്ന ഇടം എന്നർത്ഥമാകുന്നു;

(ഇ) 'ശേഖരണ ടാങ്ക്' എന്നാൽ ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെ മൂത്രം ശേഖരിക്കുവാനും അത് ദിനംപ്രതി നീക്കം ചെയ്യുന്നതിനുമായി അവയുടെ ഷെഡ്ഡിനോടു ചേർന്ന് യുക്തമായ വലിപ്പത്തിൽ നിർമ്മിക്കുന്ന ഒരു ടാങ്ക് എന്നർത്ഥമാകുന്നു;

(എഫ്) 'കമ്പോസ്റ്റിങ്' എന്നാൽ ബാക്ടീരിയയുടെ പ്രവർത്തനം മൂലം മാലിന്യങ്ങളെ ജൈവവളമായി മാറ്റുന്നതും, അതിനായി മണ്ണിരകളെ ഉപയോഗപ്പെടുത്തുന്നതും, രോഗജന്യമായ

പട്ടിക

| ക്രമ നമ്പർ | ഫാമിന്റെ തരം (ക്ലാസ്) | ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെ/പക്ഷികളുടെ എണ്ണം | | | | |
|---|---|---|---|---|---|---|
| | | കന്നുകാലികൾ (എണ്ണം) | ആടുകൾ (എണ്ണം) | പന്നികൾ (എണ്ണം) | മുയലുകൾ (എണ്ണം) | പൗൾട്രി (എണ്ണം) |
| 1 | I | 6-20 | 21-50 | 6-15 | 26-50 | 101-250 |
| 2 | II | 21-50 | 51-100 | 16-50 | 51-100 | 251-500 |
| 3 | III | 51-100 | 101 200 | 51-100 | 101-200 | 501-1000 |
| 4 | IV | 101-200 | 201-500 | 101-200 | 201-400 | 1001-5000 |
| 5 | V | 201-400 | 501-750 | 201-400 | 401-500 | 5001-10000 |
| 6 | VI | 400-ൽ കൂടുതൽ | 750-ൽ കൂടുതൽ | 400-ൽ കൂടുതൽ | 500-ൽ കൂടുതൽ | 10000-ൽ കൂടുതൽ |

(2) ഏതെങ്കിലും പ്രത്യേക വിഭാഗത്തിലുള്ള മൃഗങ്ങൾക്കോ പക്ഷികൾക്കോ വേണ്ടിയുള്ള നിശ്ചിത തരത്തിൽ(ക്ലാസിൽ)പ്പെട്ട ഒരു ലൈവ്സ്റ്റോക്ക് ഫാമോ ഒരു സംയോജിത ഫാമോ സ്ഥാപിക്കുന്നതിനോ നടത്തിക്കൊണ്ടുപോകുന്നതിനോ, കെട്ടിടങ്ങളോ ഷെഡ്ഡുകളോ ഉള്ളതോ ഇല്ലാത്തതോ ആയ, ആവശ്യമായ ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തൃതി താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രകാരമായിരിക്കേണ്ടതാണ്, അതായത്:-

പട്ടിക

| ക്രമ നമ്പർ | മൃഗം/പക്ഷി | എണ്ണം | സ്ഥലവിസ്തീർണ്ണം |
|---|---|---|---|
| 1 | കന്നുകാലി | 1-ന് | 1 സെന്റ് |
| 2 | ആട് | 4-ന് | 1 സെന്റ് |
| 3 | പന്നി | 2-ന് | 1 സെന്റ് |
| 4 | മുയൽ | 10-ന് | 1 സെന്റ് |
| 5 | കോഴി | 15-ന് | 1 സെന്റ് |

**5. മാലിന്യങ്ങൾ കൈയൊഴിക്കുന്നതിന് ലൈവ്സ്റ്റോക്ക് ഫാമുകളിൽ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ.**- (1) ഏതെങ്കിലും ഇനത്തിൽപ്പെട്ട മൃഗങ്ങൾക്കോ പക്ഷികൾക്കോ വേണ്ടിയുള്ള നിശ്ചിതതരം (ക്ലാസ്) ലൈവ്സ്റ്റോക്ക് ഫാമിൽ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം മാലിന്യങ്ങൾ കൈയൊഴിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

ദ്രവാവസ്ഥയിലോ ഉള്ള ഏതെങ്കിലും വസ്തു എന്നർത്ഥമാകുന്നതും, അതിൽ ചാണകം, മൂത്രം, കഴുകിക്കളയുന്ന വെള്ളം, ആഹാരാവശിഷ്ടം, പക്ഷിക്കാഷ്ഠം, തൂവലുകൾ, ചത്തമൃഗങ്ങളും പക്ഷികളും എന്നിവ ഉൾപ്പെടുന്നതുമാകുന്നു;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**3. ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യതയുളവാക്കുന്ന പ്രവൃത്തി ആയിരിക്കുമെന്ന്.-** (1) താഴെപ്പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടുപോകുന്നതോ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232-ാം വകുപ്പുപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ, അസഹ്യതയുളവാക്കുന്ന ഒരു പ്രവൃത്തിയായിരിക്കുന്നതാണ്, അതായത്:-

| | | | |
|---|---|---|---|
| (i) | കന്നുകാലി ഫാം | : | അഞ്ച് മൃഗങ്ങൾ |
| (ii) | ആട് ഫാം | : | ഇരുപത് മൃഗങ്ങൾ |
| (iii) | പന്നി ഫാം | : | അഞ്ച് മൃഗങ്ങൾ |
| (iv) | മുയൽ ഫാം | : | ഇരിപത്തിയഞ്ച് മൃഗങ്ങൾ |
| (v) | പൗൾട്രി ഫാം | : | നൂറ് പക്ഷികൾ |

(2) സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും, അപ്രകാരമുള്ള ലൈസൻസിലും ഈ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും (1)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല.

(3) ഒരു പന്നി ഫാം നടത്തുവാൻ ഈ ചട്ടങ്ങൾ പ്രകാരം ലൈസൻസ് സമ്പാദിച്ചിട്ടുള്ള ഒരാൾ 1998-ലെ കേരള പഞ്ചായത്ത്രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പന്നിയെ വളർത്തുന്നതിനോ സംരക്ഷിക്കുന്നതിനോ ലൈസൻസ് വാങ്ങേണ്ട ആവശ്യമില്ലാത്തതാകുന്നു.

(4) ദേശാടനപക്ഷികൾ തങ്ങുന്ന ജലാശയങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലത്തിന് നാലു കിലോമീറ്റർ ചുറ്റളവിനുള്ളിൽ യാതൊരാളും ഒരു പൗൾട്രിഫാം നടത്തുകയോ പൗൾട്രിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുവാൻ പാടുള്ളതല്ല.

**4. ലൈവ്സ്റ്റോക്ക് ഫാമുകളുടെ തരംതിരിവും, ഓരോ തരത്തിനും ആവശ്യമായ കുറഞ്ഞ സ്ഥലവിസ്തൃതിയും.-** (1) 3-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്നതിനുള്ള ലൈവ്സ്റ്റോക്ക് ഫാമുകൾ, അവയിൽ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിക്കുന്നതോ ആയ, സംഗതിപോലെ, മൃഗങ്ങളുടെ അഥവാ പക്ഷികളുടെ എണ്ണത്തിനനുസൃതമായി, അതത് സംഗതിപോലെ, താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരം, തരം (ക്ലാസ്) തിരിക്കപ്പെടേണ്ടതാണ്, അതായത്:-

അണുക്കളുടെയും പ്രാണികളുടെയും നശീകരണം സാദ്ധ്യമാക്കുന്നതുമായ പ്രക്രിയ എന്നും, 'കമ്പോസ്റ്റ് കുഴി' എന്നാൽ ഇത്തരം പ്രവർത്തനങ്ങൾക്കുവേണ്ടി തയ്യാറാക്കുന്ന കുഴി എന്നും അർത്ഥമാകുന്നു;

(ജി) 'ലൈവ്സ്റ്റോക്ക് ഫാം' അഥവാ 'ഫാം' എന്നാൽ മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്നതിനോ, അഥവാ ഏതെങ്കിലും പ്രത്യേക ഇനം മൃഗങ്ങളേയോ പക്ഷികളേയോ വംശ വർദ്ധനവിനായി വളർത്തുന്നതിനോ വേണ്ടി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങളോ ഷെഡ്ഡുകളോ ഉള്ളതോ ഇല്ലാത്തതോ ആയ, സ്ഥലം എന്നർത്ഥമാകുന്നു;

(എച്ച്) 'ഫാറം' എന്നാൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു;

(ഐ) 'ആട് ഫാം' എന്നാൽ വംശവർദ്ധനവിനോ പാലുൽപ്പാദനത്തിനോ മാംസാവശ്യ ത്തിനോ വേണ്ടി ആടുകളേയോ ചെമ്മരിയാടുകളേയോ ഇവ രണ്ടിനേയുംകൂടിയോ വളർത്തുന്ന ഇടം എന്നർത്ഥമാകുന്നു;

(ജെ) 'ഗ്രാമപഞ്ചായത്ത്' എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ചി ട്ടുള്ള ഒരു ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(കെ) 'സംയോജിത ഫാം' എന്നാൽ പാലിനോ മാംസത്തിനോ, മുട്ടയ്ക്കോ, വംശവർദ്ധ നവിനോ വേണ്ടി, ഒന്നോ അതിൽ കൂടുതലോ ഇനങ്ങളിൽപ്പെട്ട മൃഗങ്ങളേയോ പക്ഷികളേയോ, രണ്ടിനേയും കൂടിയോ, വളർത്തുന്ന ഇടം എന്നർത്ഥമാകുന്നു;

(എൽ) 'വളക്കുഴി' എന്നാൽ യുക്തമായ അളവിലുള്ളതും, രണ്ട് അറകളോടുകൂടിയതും അറകളുടെ അടിഭാഗം ചൂടുകട്ട പാകിയതും ഉൾവശങ്ങളിൽ തേനീച്ചക്കൂടിന്റെ മാതൃകയിലുള്ള നിർമ്മിതിയുള്ളതും മുകളിൽ ഈച്ച കടക്കാത്തവിധം വലവിരിച്ചിട്ടുള്ളതും, ഒരു സമയം ഒരു അറ യിൽ മാലിന്യങ്ങൾ ശേഖരിക്കാനും അതേ സമയം തന്നെ ശേഖരിക്കപ്പെട്ട മാലിന്യങ്ങൾ ഒരു നിശ്ചിത കാലയളവിനുള്ളിൽ രണ്ടാമത്തെ അറയിൽ അഴുകുന്നത് സാദ്ധ്യമാക്കാനും ഉദ്ദേശിച്ചു കൊണ്ട് തയ്യാറാക്കുന്നതുമായ കുഴി എന്നർത്ഥമാകുന്നു;

(എം) 'പന്നി ഫാം' എന്നാൽ മാംസാവശ്യത്തിനോ വംശവർദ്ധനവിനോ വേണ്ടി പന്നി കളെ വളർത്തുന്ന ഇടം എന്നർത്ഥമാകുന്നു;

(എൻ) 'പൗൾട്രി ഫാം' എന്നാൽ മുട്ടയ്ക്കോ മാംസത്തിനോ വേണ്ടി കോഴികളെയോ, കാടക്കോഴികളെയോ, ടർക്കികളെയോ, താറാവുകളെയോ, അല്ലെങ്കിൽ മറ്റേതെങ്കിലും വളർത്തു പക്ഷികളെയോ വളർത്തുന്ന ഇടം എന്നർത്ഥമാകുന്നതും, അതിൽ ഡീപ് ലിറ്റർ സമ്പ്രദായത്തിലോ കൂടുകളിലോ തീവ്രപരിപാലന സംവിധാനത്തിലൂടെ വാണിജ്യാവശ്യത്തിന് കോഴികളെ വളർത്തുന്ന ബ്രോയിലർ ഫാമും മുട്ടവിരിയിക്കുന്ന ഹാച്ചറിയും ഉൾപ്പെടുന്നതുമാകുന്നു;

(ഒ) 'മുയൽ ഫാം' എന്നാൽ വംശവർദ്ധനവിനോ മാംസാവശ്യത്തിനോ വേണ്ടി മുയലു കളെ വളർത്തുന്ന ഇടം എന്നർത്ഥമാകുന്നു;

(പി) 'സെക്രട്ടറി' എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നർത്ഥമാകുന്നു;

(ക്യൂ) 'ഷെഡ്' എന്നാൽ മൃഗങ്ങളെയോ പക്ഷികളെയോ സൂക്ഷിക്കുന്നതിനുവേണ്ടി ഫാമിനുള്ളിൽ നിർമ്മിക്കുന്ന ഷെഡ് എന്നർത്ഥമാകുന്നു;

(ആർ) 'വകുപ്പ്' എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(എസ്) 'മാലിന്യം' എന്നാൽ ഫാമിൽനിന്ന് പുറന്തള്ളപ്പെടുന്നതും, വേണ്ടവിധം സംസ്ക്ക രിക്കുകയും കൈയ്യൊഴിക്കുകയും ചെയ്യാത്തപക്ഷം വായു-ജല മലിനീകരണമുൾപ്പെടെയുള്ള പരി സ്ഥിതി പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നതുമായ ഖരാവസ്ഥയിലോ

പട്ടിക

| ക്രമ നമ്പർ | ഫാമിന്റെ തരം (ക്ലാസ്) | മാലിന്യങ്ങൾ കൈയൊഴിക്കുന്നതിന് ഏർപ്പെടുത്തേണ്ട ക്രമാകരണങ്ങൾ കന്നുകാലി ഫാം | ആട് ഫാം | പന്നി ഫാം | മുയൽ ഫാം | പൗൾട്രി ഫാം |
|---|---|---|---|---|---|---|
| 1 | I | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, ശേഖരണ ടാങ്ക് | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, | വളക്കുഴി |
| 2 | II | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, ശേഖരണ ടാങ്ക് | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, | വളക്കുഴി, |
| 3 | III | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, ശേഖരണ ടാങ്ക് | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, | വളക്കുഴി |
| 4 | IV | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, ശേഖരണ ടാങ്ക് | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, | വളക്കുഴി |
| 5 | V | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, ശേഖരണ ടാങ്ക് | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, | വളക്കുഴി ജഡം സംസ്കരിക്കുന്ന കുഴി |
| 6 | VI | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, ശേഖരണ ടാങ്ക് | വളക്കുഴി, ശേഖരണ ടാങ്ക് കമ്പോസ്റ്റ് കുഴി ജൈവവാതക പ്ലാന്റ് | വളക്കുഴി, | വളക്കുഴി ജഡം സംസ്കരിക്കുന്ന കുഴി |

**കുറിപ്പ്.-** (1) IV-ഉം, V-ഉം, VI-ഉം തരങ്ങളിൽ (ക്ലാസുകളിൽ)പ്പെട്ട ഫാമുകളിൽ സ്ഥാപിക്കുന്ന ജൈവവാതക പ്ലാന്റിന് ഇരുപത്തിയഞ്ച് ഘനമീറ്ററിൽ കുറയാതെയും മറ്റു തരങ്ങളിലേതിന് അതിൽ കുറവും ഉള്ളളവ് ഉണ്ടായിരിക്കേണ്ടതാണ്. ജൈവവാതക പ്ലാന്റിനോട് ചേർന്ന്, സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ്, സ്ലറി കൈയൊഴിക്കുന്നതിനുള്ള സംവിധാനം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

**കുറിപ്പ്.-** (2) വളക്കുഴി, കമ്പോസ്റ്റ് കുഴി, ജൈവവാതക പ്ലാന്റ് എന്നിവയിൽനിന്ന് ദഹന പ്രക്രിയയ്ക്കുശേഷം പുറന്തള്ളപ്പെടുന്ന അവശിഷ്ടം കാർഷികാവശ്യങ്ങൾക്കായി കാലാകാലങ്ങളിൽ നീക്കം ചെയ്യപ്പെടേണ്ടതാണ്.

**കുറിപ്പ്.-** (3) ഒരു സംയോജിത ഫാമിന്റെ കാര്യത്തിൽ ഏർപ്പെടുത്തേണ്ട മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങൾ, മൃഗങ്ങൾക്കോ പക്ഷികൾക്കോ വേണ്ടിയുള്ള അതതു തരം (ക്ലാസ്) ഫാമുകൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങൾക്ക് അനുസൃതമായിരിക്കേണ്ടതാണ്.

(2) മനുഷ്യോപയോഗത്തിന് ജലം എടുക്കുന്ന ഒരു ജലസ്രോതസ്സിനു സമീപം ഏതെങ്കിലും മാലിന്യ നിർമ്മാർജ്ജന ക്രമീകരണം ഏർപ്പെടുത്തുവാനോ പരിപാലിക്കുവാനോ പാടുള്ളതല്ല.

(3) ലൈവ് സ്റ്റോക്ക് ഫാമിന്റെ പരിസരവും കെട്ടിടങ്ങളും ഷെഡ്ഡുകളും, ശുചിത്വം പാലിച്ചു കൊണ്ടും പരിസ്ഥിതിപ്രശ്നങ്ങളില്ലാതെയും പരിപാലിക്കുന്നതിന് ഫാമിന്റെ ഉടമസ്ഥനും നടത്തിപ്പുകാരനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

**6. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് അനുമതിക്കുള്ള അപേക്ഷ.-** (1) ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കുവേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.

(2) ഉപചട്ടം (1) പ്രകാരമുള്ള ഒരു അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതാണ്.

(3) അപേക്ഷ കിട്ടി കഴിയുന്നത്രവേഗം, എന്നാൽ മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ്,-

(i) ഈ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്കും, ഏർപ്പെടുത്തുന്നത് ഉചിതമെന്ന് കരുതുന്ന മറ്റു നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൻമേൽ അനുമതി നൽകുകയോ, അഥവാ

(ii) സെക്രട്ടറിയുടെ അഭിപ്രായത്തിൽ പ്രസ്തുത പരിസരത്ത് ഫാം സ്ഥാപിക്കുന്നത്, പരിസരമലിനീകരണമോ, ശല്യമോ, പൊതുജനാരോഗ്യപ്രശ്നങ്ങളോ ഉണ്ടാകാൻ ഇടയാക്കുമെന്ന കാരണത്താൽ അനുവദനീയമല്ലെന്ന് തോന്നുന്നപക്ഷം ജില്ലാമെഡിക്കൽ ഓഫീസറുടെയോ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ ജില്ലാ അധികാരിയുടെയോ പരിശോധന റിപ്പോർട്ട് വാങ്ങി അതുപ്രകാരം അപേക്ഷയിൻമേൽ അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതാണ്.

(4) അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് സെക്രട്ടറി രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്.

**7. ലൈവ്സ്റ്റോക്ക് ഫാം നടത്തുന്നതിന് ലൈസൻസിനുള്ള അപേക്ഷ.-** ഒരു ലൈവ്
സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള
ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതി
നുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.

(2) സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തിയതിൽ ഈ ചട്ടങ്ങളിലും 6-ാം ചട്ടപ്രകാരം
നൽകിയ അനുമതി ഉത്തരവിലും അടങ്ങിയിട്ടുള്ള നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലി
ച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അയാൾ അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ
ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അയാളുടെ അപേക്ഷ
നിരസിക്കുകയോ ചെയ്യേണ്ടതാണ്. ലൈസൻസ് അനുവദിക്കപ്പെടുന്ന സംഗതിയിൽ നിശ്ചയിച്ചിട്ടുള്ള
വ്യവസ്ഥകൾ, ഇപ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസിലെ വ്യവസ്ഥകളുടെ ഭാഗമായിരിക്കുന്ന
താണ്. അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ
സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്.

(3) ഉപചട്ടം (2) പ്രകാരം നൽകപ്പെടുന്ന ഓരോ ലൈസൻസിനും താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.

പട്ടിക

| ക്രമ നമ്പർ | ഫാമിന്റെ തരം (ക്ലാസ്) | ലൈസൻസ് ഫീസ് | | | | |
|---|---|---|---|---|---|---|
| | | കന്നുകാലി ഫാം (രൂപ) | ആട് ഫാം (രൂപ) | പന്നി ഫാം (രൂപ) | മുയൽ ഫാം (രൂപ) | പൗൾട്രി ഫാം (രൂപ) |
| 1 | I | 100 | 100 | 100 | 100 | 100 |
| 2 | II | 250 | 250 | 250 | 150 | 150 |
| 3 | III | 300 | 300 | 300 | 200 | 200 |
| 4 | IV | 500 | 500 | 500 | 250 | 250 |
| 5 | V | 1,000 | 1,000 | 1,000 | 350 | 350 |
| 6 | VI | 2,000 | 2,000 | 2,000 | 500 | 500 |

**കുറിപ്പ്.-** ഒരു സംയോജിത ഫാമിന്റെ കാര്യത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീസ്, ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ അഥവാ രണ്ടിന്റേയുമോ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, അതതു തരം (ക്ലാസ്) ഫാമുകൾക്ക് ബാധകമായ ലൈസൻസ് ഫീസിന്റെ മൊത്തം തുകയായിരിക്കുന്നതാണ്.

(4) ഉപചട്ടം (2) പ്രകാരം നൽകപ്പെട്ട ഒരു ലൈസൻസിന്റെ കാലാവധി, (5)-ാം ഉപചട്ടപ്രകാരം പുതുക്കിയിട്ടില്ലാത്തപക്ഷം അത് നൽകപ്പെട്ട സാമ്പത്തികവർഷത്തിന്റെ ഒടുവിൽ അവസാനിക്കുന്നതാണ്.

(5) ഉപചട്ടം (2) പ്രകാരം നൽകപ്പെട്ട ഒരു ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ അതത് സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസത്തിനുമുമ്പ് സെക്രട്ടറിക്ക് നൽകേണ്ടതും, ഈ ചട്ടങ്ങളിലെ നിബന്ധനകളും ഫാം സ്ഥാപിക്കുന്നതിന് അനുമതി നൽകിയപ്പോൾ ഏർപ്പെടുത്തിയ നിബന്ധനകളും പാലിച്ചുകൊണ്ടാണ് ഫാം നടത്തിക്കൊണ്ടു പോകുന്നതെന്ന് സെക്രട്ടറിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം, അടുത്ത സാമ്പത്തികവർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. ഇപ്രകാരം സെക്രട്ടറിക്ക് തുടർന്നുള്ള സാമ്പത്തികവർഷങ്ങളിലേക്കും ലൈസൻസ് പുതുക്കി നൽകാവുന്നതാണ്.

(6) ഓരോ സാമ്പത്തികവർഷത്തേക്കും ലൈസൻസ് പുതുക്കി നൽകുന്നതിന് (3)-ാം ഉപചട്ടത്തിൽ പറയുന്ന നിരക്കിൽ ഗ്രാമപഞ്ചായത്ത് ഫീസ് ഈടാക്കേണ്ടതാണ്.

**8. നിലവിലുള്ള ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ഏർപ്പെടുത്തൽ.-** ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന സമയത്ത് ഒരു ലൈവ്സ്റ്റോക്ക് ഫാം സ്വന്തമായി വച്ചുപോരുകയോ നടത്തിക്കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളും, ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറുമാസത്തിനുള്ളിൽ ഈ ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി ഒരു ലൈസൻസ് നേടേണ്ടതും അപ്രകാരം ലൈസൻസ് നേടിയിട്ടില്ലാത്ത പക്ഷം, പ്രസ്തുത കാലപരിധിക്കുശേഷം അപ്രകാരമുള്ള ഫാം നടത്തിക്കൊണ്ടു പോകുവാൻ പാടില്ലാത്തതുമാണ്.

**9. മൃഗങ്ങൾക്കോ പക്ഷികൾക്കോ ഉണ്ടാകുന്ന രോഗങ്ങൾ വ്യാപിക്കുന്നതിനെതിരെ സ്വീകരിക്കേണ്ട മുൻകരുതലുകൾ.-** ഒരു ലൈവ്സ്റ്റോക്ക് ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ, സർക്കാരിന്റെ മൃഗസംരക്ഷണവകുപ്പിലെ വെറ്ററിനറി സർജൻ ഉപദേശിക്കുന്നതനുസരിച്ച്,

**12. ശിക്ഷകൾ.-** ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കോ, നൽകപ്പെട്ട ലൈസൻസിലെ നിബന്ധനകൾക്കോ വിരുദ്ധമായി ഒരാൾ ഒരു ലൈവ്സ്റ്റോക്ക് ഫാം പ്രവർത്തിപ്പിക്കുന്ന പക്ഷം, കുറ്റസ്ഥാപനത്തിൻമേൽ, ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്നുപോരുന്ന സംഗതിയിൽ, അങ്ങനെ കുറ്റം തുടർന്നുപോകുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

**13. അപ്പീൽ.-** (1) ഒരു ലൈവ്സ്റ്റോക്ക് ഫാം ആരംഭിക്കുന്ന കാര്യത്തിൽ 6-ാം ചട്ടപ്രകാരം എടുത്ത തീരുമാനത്തിനെതിരെയോ പുറപ്പെടുവിച്ച ഉത്തരവിനെതിരെയോ ആക്ഷേപമുള്ള ഏതൊരാൾക്കും, അപ്രകാരമുള്ള ഉത്തരവ് ലഭിച്ച് അറുപതു ദിവസത്തിനകം, ഗ്രാമപഞ്ചായത്തു മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(2) ഉപചട്ടം (1) പ്രകാരം ബോധിപ്പിക്കപ്പെട്ട അപ്പീലിൻമേൽ ഗ്രാമപഞ്ചായത്ത് പാസ്സാക്കിയ ഉത്തരവിനെതിരെ, ആക്ഷേപമുള്ള ഏതൊരാൾക്കും തദ്ദേസസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ റിവിഷൻ ബോധിപ്പിക്കാവുന്നതാണ്.

**14. ഒഴിവാക്കൽ.-** മൃഗസംരക്ഷണ വകുപ്പോ, ക്ഷീരവികസന വകുപ്പോ, കാർഷിക സർവ്വകലാശാലയോ, ജില്ലാ പഞ്ചായത്തോ, ഏതെങ്കിലും സർക്കാർ ഏജൻസിയോ സംരംഭമോ സ്ഥാപിച്ചിട്ടുള്ളതും പ്രവർത്തിപ്പിച്ച് പോരുന്നതുമായ ഏതൊരു ലൈവ്സ്റ്റോക്ക് ഫാമും, ഈ ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽനിന്ന് ലൈസൻസ് നേടുന്നതിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു:

എന്നാൽ, അപ്രകാരമുള്ള ഒരു ഫാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ എണ്ണം, മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ, ഫാമിന്റെ ഭൂവിസ്തൃതി, ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന മറ്റുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പത്രിക ഓരോ വർഷവും ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്.

**അനുബന്ധം**

**ഫാറം 1**

(6-ാം ചട്ടം (1)-ാം ഉപചട്ടം കാണുക)

**ലൈവ്സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് അനുമതിക്കുള്ള അപേക്ഷ**

(അനുമതി ലഭിച്ചശേഷം, ലൈസൻസിനുള്ള അപേക്ഷ പ്രത്യേകമായി നൽകേണ്ടതാണ്)

1. അപേക്ഷകന്റെ പേരും വിലാസവും :
2. ആരംഭിക്കാനുദ്ദേശിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമിന്റെ സ്വഭാവം (കന്നുകാലി ഫാം/ആട് ഫാം/പന്നി ഫാം/ മുയൽ ഫാം/പൗൾട്രി ഫാം/സംയോജിത ഫാം) (പൗൾട്രി ഫാമിന്റെ കാര്യത്തിൽ വളർത്തപ്പെടുന്ന പക്ഷികളുടെ ഇനവും സംയോജിത ഫാമിന്റെ കാര്യത്തിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെ/ പക്ഷികളുടെ ഇനവും രേഖപ്പെടുത്തേണ്ടതാണ്). :
3. വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ/പക്ഷികളുടെ എണ്ണം :
4. ലഭ്യമായ ഭൂവിസ്തൃതി, അതിന്റെ സർവ്വേ നമ്പർ, വില്ലേജ് ലൊക്കേഷൻ സ്കെച്ച് അടക്കം ചെയ്യണം) :
5. ലഭ്യമായതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടങ്ങളുടെ/ഷെഡ്ഡുകളുടെ വിവരണം **(സൈറ്റ് പ്ലാൻ അടക്കം ചെയ്യണം)** :
6. ഫാമിന്റെ അതിർത്തിയിൽനിന്ന് 10 മീറ്റർ ചുറ്റളവിനുള്ളിൽ സ്ഥിതി ചെയ്യുന്ന വീടുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും വിവരണം :

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2020 ഒക്ടോബർ 01<br>01st October 2020<br>1196 കന്നി 15<br>15th Kanni 1196<br>1942 ആശ്വിനം 9<br>9th Aswina 1942 | നമ്പർ<br>No. | 2258 |

GOVERNMENT OF KERALA

**Local Self Government (RD) Department**

NOTIFICATION

G. O. (P) No. 57/2020/LSGD. *Dated, Thiruvananthapuram, 24th September, 2020.*
*8th Kanni, 1196*
*2nd Aswina, 1942.*

**S. R. O. No. 639/2020**

In exercise of the powers conferred under sections 381, 382, 383A, 387, 398 and 406 of the Kerala Municipality Act, 1994 (Act 20 of 1994), read with section 565 therof, the Government of Kerala hereby make the following Rules to amend the Kerala Municipality Building Rules, 2019 issued under notification G.O. (P) No. 77/2019/LSGD dated 2nd November, 2019 and published as S.R.O. No. 828/2019 in the Kerala Gazette Extraordinary No. 2691 dated 8th November, 2019 namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

RULES

1. *Short title and commencement.*—(1) These Rules may be called the Kerala Municipality Building (Amendment) Rules, 2020.

(2) They shall come into force at once.

2. *Amendment of the Rules.*— In the Kerala Municipality Building Rules, 2019,—

(1) In rule 2, in sub-rule (1), —

(a) in item (j), for the word "multiplexes", the words "multiplex complexes" shall be substituted;

(b) in clause (l), for the figures and words "75 centimetres", the figures and words "120 centimeters from the highest proposed ground level" shall be substituted;

(c) in clause (n) the words "swimming pools, ponds" shall be omitted;

(d) in item (q), for the words, figures and brackets "under sub-rule (5) of rule 3", the words, figures and brackets "under sub-rule (6) of rule 3 of the Kerala Panchayat Building Rules, 2019" shall be substituted;

(e) for clause (ar), the following clause shall be substituted namely:—

"(ar) 'floor space index (F.S.I.)' means the quotient obtained by dividing the total floor area by the area of the plot (This word is synonymous with FAR).

$$\text{F.S.I} = \frac{\text{Total floor area"};}{\text{Plot area}}$$

(f) after clause (aq), the following clause shall be inserted, namely:—

"(aqa) 'total floor area' means the built-up area of a building excluding the following, namely:—

(i) Towers, turrets, domes etc. projecting above the terrace;

(ii) Fifty per cent of the area in the case of verandahs and balconies with at least one of its sides open (other than parapets) to exterior or interior open spaces;

(iii) Open platforms and terraces at ground floor and porches;

(iv) Plinth offsets (if the offset does not exceed 5cm) and projection of columns;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) Vertical sun breakers or box louvers, architectural bands, cornices etc.

(vi) Area of loft, mandatory area used for parking of vehicles within a building, area of electrical room, pump rooms, gas banks, battery rooms for solar plants, room for air-conditioning plant, generator room, internal sanitary shafts, air conditioning ducts. However, area occupied by lift shall be included in any one floor.

(g) after clause (br), the following clause shall be inserted, namely:—

"(bra) 'notified road' means any road notified by the Corporation/ Municipality or Government;

(h) in item (cc), after the words "Persons with disability" the words and symbols "/Differently-abled" shall be added;

(i) after item (ch), the following shall be added, namely:—

"(cha) 'Podium' means a horizontal projection (platform) extending beyond building on one or more sides up to a limit of sixteen meters from the average ground level.

(j) in item (cv), the words "central line or" shall be omitted;

(2) In rule 3 (a) after clause (c) of sub-rule (4) the following clauses shall be inserted, namely:—

"(d) the Government shall grant additional FSI or any other incentive by way of relaxation in these rules as deem fit for programs, schemes and projects meant for slum improvement and redevelopment projects, affordable housing for weaker section and poor, market redevelopment and relocation, construction of public infrastructure like road, water supply, sewage and effluent treatment, waste management, open spaces and greening, conservation measures, climate change mitigation, renewable energy, municipal common civic infrastructure, public transport including multilevel parking structures, rainwater harvesting, disaster management etc."

(e) in case of road widening and/or creation of any facility as prescribed in clause (d) above in accordance with any published / sanctioned District Town Planning Scheme or master plan, or under any programme of Government or local body, the FSI permissible for abutting plots shall be based on the size of the plot without deducting the area required for such road widening or creation of any public facility. The restrictions related to number of floors, coverage and height shall be waived in such case in order to avail the full FSI available on the original plot size."

*Note*:—The entitlement for full FSI utilization shall be available only for those plots, part of which is acquired or reserved or surrendered for creation of public facilities.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) In rule 5,—

(a) in sub-rule (1), in clause (b), for the word "duplicate", the word "triplicate" shall be substituted;

(b) in sub-rule (4), under the table,—

(i) in Sl.No.12 after the words "and subsequent amendments", the words and figures "Provisions regarding the height of the building as specified in the National Building Code of India 2016 shall not apply to multiplex complexes" shall be added;

(ii) against Sl.No.13, under the heading Officer/authority after the words "Fire Station", the words "for information" shall be inserted;

(iii) in the third proviso, after the words "relevant Acts", the words "Rules" shall be added;

(iv) in the fourth proviso, the words "Provided that the provisions regarding the height of building as specified in the National Building Code of India 2016 shall not apply to multiplexes" shall be omitted;

(c ) In sub-rule (5),—

(a) in clause (1), after the word, letter and symbol "Group H : Storage", the word, letter and symbols "Group J: Multiplex Complex" shall be inserted;

(b) In clause (2), in the proviso, for the words "completion certificate", the words "occupancy certificate" shall be substituted;

(4) In rule 8, after item (xi), the following items shall be inserted, namely:—

(xii) Livestock building for keeping not more than 20 cows, 50 goats and poultry farms for keeping not more than 1000 birds. For these constructions, 1.5 metre clear open space shall be provided all around the building/structure. Biogas plant or gober gas plant shall be provided for these constructions.

(xiii) Mechanical Parking Structures; For height of the structure up to 10 metres, it shall be provided with minimum 1 metre open space all around the structure. For height exceeding 10 metres, it shall be provided with minimum 1.5 metre open space all around the structure;

(xiv) Electric Vehicle battery charging stations";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/